
Volume 07
Issue 02
05 June, 2016
Sleehakalam IV

# EMMAUS VACHANADOOTH



Deut 1:16-18
Is 1:10-20
1 Cor 9:19-27
Lk 6:27-36

Rev Bro
Sebastian Moolayil

## ശത്രുവിനെ സ്നേഹിക്കാം, തിന്മയെ നന്മകൊണ്ട് ജയിക്കാം: ക്രിസ്തുവിന്റെ "പുതിയ നിയമം"

പരിശുദ്ധാത്മാവിന്റെ ആഗമനത്തെയും തിരുസഭയേയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനെയുംപ്പറ്റി നമ്മെ ഓർമ്മിപ്പിക്കുന്ന ശ്ലീഹാ കാലത്തിന്റെ നാലാം ഞായറായ്ചയിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ആത്മാവിന്റെ ശക്തി സ്വീകരിച്ച് ക്രിസ്തു ശിഷ്യർ തന്റെ അനുദിന ജീവിതത്തിൽ എടുക്കേണ്ട സുപ്രധാനമായ നിലപാടുകളെപ്പറ്റിയാണ് ഇന്ന് തിരുവചനത്തിലെ ഈശോ നമ്മോട് സംസാരിക്കുന്നത്. സർവ്വരേയും ഉൾക്കൊള്ളുന്ന, ശത്രുവിനെപോലും സ്നേഹിക്കുന്ന ഈശോയുടെ അത്യുന്നതമായ സ്നേഹമാണ് ഇന്ന് നമ്മുടെ ചിന്താവിഷയമാകേണ്ടത്.

ഒറീസായിലെ പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന ക്രിസ്ത്യൻ മിഷനറി ഗ്രഹാം സ്റ്റെയിലിനെപ്പറ്റി നാം കേട്ടിട്ടുണ്ടാകും. അദ്ദേഹം ഒരു ഓസ്ട്രേലിയക്കാരനായിരുന്നു. ഇന്ത്യയിൽ പ്രേക്ഷിത പ്രവർത്തനം നടത്തുന്നതിനായി അദ്ദേഹം കടന്നുവന്നു. 1965 മുതൽ അദ്ദേഹം ഇന്ത്യയിൽ പ്രേക്ഷിത പ്രവർത്തനം നടത്തിവന്നു. ഇദ്ദേഹത്തിന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളിൽ നീരസം തോന്നിയ ചില ഹിന്ദു ഗ്രൂപ്പുകൾ ഒരു ആരോപണം ഉന്നയിച്ചും അദ്ദേഹം ബലം പ്രയോഗിച്ച് പലരേയും നിർബന്ധിച്ച് കത്തോലിക്കാ വിശ്വാസികൾ ആക്കുന്നുവെന്ന്. അങ്ങനെയിരിക്കെ 1999 ജനുവരി 23-ാം തീയതി 10 ഉം 6 ഉം വയസ്സുള്ള തന്റെ മക്കൾ ഫിലിപ്പിനോടും തിമോത്തിയോടുമൊപ്പം തന്റെ വാഹനത്തിൽ ഉറങ്ങിക്കിടന്ന ഗ്രഹാം സ്റ്റെയിലിനെ ആക്രമികൾ ചുട്ടുകൊന്നു. എത്രയോ ക്രൂരമായ സംഭവം. ഈ സംഭവത്തിനുശേഷം ഈ കേസന്വേഷിച്ച് കമ്മീഷനുമുമ്പാകെ യഹാം സ്റ്റെയിലിന്റെ ഭാര്യ ഗ്ലാഡീസ് സ്റ്റെയിൻസ് കൊടുത്ത മൊഴി നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. അവൾ പറഞ്ഞു "എന്നെ നയിക്കാനും ഗ്രഹാമിന്റെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് എന്നെ സഹായിക്കാനും ദൈവം എപ്പോഴും എന്റെ കൂടെയുണ്ട്. എങ്കിലും എന്റെ ഭർത്താവിന്റെയും മക്കളുടെയും കൊലപാതകികൾ എന്തുകൊണ്ട് അത്രമാത്രം ക്രൂരതയോടെ പൊരുമാറി എന്ന് എനിക്കറിയില്ല. അവരെ ശിക്ഷിക്കുക എന്നത് എന്റെ മനസ്സിലില്ല. എന്നാൽ അവരുടെ മാനസ്സാന്തരവും പരിവർത്തനുവുമാണ് എന്റെ പ്രാർത്ഥനയും പ്രതീക്ഷയും." എന്റെ ഭർത്താവിന്റെയും മക്കളുടെയും മരണത്തിന് ഉത്തരവാദികളായവരോട് നിരുപാധികം താൻ ക്ഷമിക്കുന്നു എന്നാണ് പത്രപ്രവർത്തകരോട് ഗ്രാഡീസ് സ്റ്റെയിൻസ് പറഞ്ഞത്.

പ്രിയപ്പെട്ടവരെ പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്ത് കുരിശിൽ അത് കാണിച്ചുതന്ന തമ്പുരാന്റെ ഉത്തമ അനുയായികളെയാണ് നാമം കണ്ടത്. നിങ്ങളെ ദ്വേഷിപ്പിക്കുന്നവർക്ക് നന്മചെയ്യുവിൻ എന്ന വചനം പോലെ ഭർത്താവിന്റെ മരണശേഷം 2004 ൽ തിരിച്ച് പോകും വരെ അവൾ ഇന്ത്യയിൽ ഈശോയ്ക്കുവേണ്ടി പ്രവർത്തിച്ചു.

ശിഷ്യരുടെ നേരെ നോക്കി സുവിശേഷ ഭാഗ്യങ്ങൾ അരുളി ചെയ്തതിനുശേഷമാണ് തിന്മയെ നന്മകൊണ്ട് ജയിക്കാൻ ഈശോ ആഹ്വാനം ചെയ്യുക. ഇന്നത്തെ വചനഭാഗം ഈശോ പ്രത്യേകമായി നമ്മോട് പറയുന്നതാണ്. വചനഭാഗം ഇപ്രകാരമാണ് ആരംഭിച്ചത്. എന്റെ വാക്ക് ശ്രവിക്കുന്ന നിങ്ങളോട് ഞാൻ പറയു

ന്നു. സാധാരണക്കാരനുണ്ടാകേണ്ട ധാർമ്മികതയല്ല ഈശോ പഠിപ്പിക്കുക. ഈശോയുടെ വചനമനുസരിച്ച് ജീവിക്കുന്നുവെന്ന് അവകാശപ്പെടുന്ന നമ്മോടാണ് സകല നിയമത്തെയും അധിലംഘിച്ചുകൊണ്ട് ഉന്നതമായ നിയമം ഈശോ നൽകുക. ഈശോയുടെ വചനത്തിനൊരു ചരിത്ര പശ്ചാത്തലമുണ്ട്. യഹൂദരെ കീഴടക്കുകയും അടിമകളാക്കുകയും ചെയ്തവരാണ് റോമാക്കാർ. അവരെ യഹൂദർ കഠിനമായി വെറുത്തിരുന്നു. ഇപ്രകാരമുള്ള യഹൂദരോടാണ് ഈശോ പറയുക "ശത്രുക്കളെ സ്നേഹിക്കുക".

സ്നേഹം എല്ലാവരിലും ദൈവം നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ശത്രുസ്നേഹം അത്ര സ്വാഭാവികമായി എല്ലാവരിലും കാണാവുന്നതല്ല. അതുകൊണ്ട് ശത്രുവിനെ പോലും സ്നേഹിക്കുന്ന ഉന്നതമായ ദൈവിക സ്നേഹത്തിലേയ്ക്ക് ക്രിസ്തു ശിഷ്യൻ നടന്ന് അടുക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു. ക്രിസ്തീയ ലോകത്തെ പഠിപ്പിക്കേണ്ടത് സ്വാഭാവികമായ നീതിയും സ്നേഹവുമല്ല. അതിലുപരിയായ ശത്രുസ്നേഹവും ദൈവിക ഭാവമായ കരുണയുമാണ്.

ഈശോ രണ്ടാമതായി പറയുക ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യാനാണ്. സ്നേഹത്തിന്റെ പ്രവർത്തന തലത്തിലെ അർത്ഥവും ഭാവവുമാണ് നന്മ ചെയ്യുക എന്നത്. ഈശോ തുടർന്ന് പറയുന്ന രണ്ട് കാര്യങ്ങൾ അനുഗ്രഹിക്കാനും പ്രാർത്ഥിക്കാനുമാണ്. സ്നേഹത്തിന്റെ വ്യക്തിപരമായ ആഴത്തിലുള്ള പ്രകടനമാണ് അനുഗ്രഹവും പ്രാർത്ഥനയും. ഇത് വെറും വികാരത്തിന്റെ തലത്തിൽ നടക്കേണ്ടതല്ല. മറിച്ച് ക്രിസ്തുവിന്റെ അനുയായി തന്റെ ക്രിസ്ത്യാനുഭവത്തിന്റെ ആഴത്തിൽ നിന്ന് ചെയ്യേണ്ടതാണ്. പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന ഈശോയെ ലൂക്കാ 23:34 ൽ നാം കാണുന്നുണ്ട്. "പിതാവേ അവരോട് ക്ഷമിക്കേണമേ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" ക്രിസ്തുവിലുള്ള നമ്മുടെ ജീവിതത്തെപ്പറ്റി പ്രഘോഷിപ്പിക്കുന്ന പൗലോസ് അപ്പസ്തോലൻ റോമ 12:14 ൽ പറയുന്നു. "നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ അനുഗ്രഹിക്കുക അല്ലാതെ ശപിക്കരുത്." ആദ്യ രക്തസാക്ഷിയായ യെസ്തപാനോസിന്റെ സംഭവം നടപടി പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. തന്നെ കല്ലെറിഞ്ഞ് കൊല്ലാൻ പോകുന്നവർക്കുവേണ്ടി സ്തെപാനോസ് പ്രാർത്ഥിക്കുന്നത് അപ്പസ്തോല പ്രവർത്തനം 7:60 ൽ നാം വായിക്കുന്നു. "കർത്താവേ ഈ പാപം അവരുടെ മേൽ ആരോപിക്കരുത്." ഇന്നത്തെ വചനത്തിന്റെ സാരാംശം ക്രിസ്തുവിനുശേഷം ജീവിതത്തിൽ കാണിച്ച ആദ്യ വ്യക്തി സ്താപാനോസിസ് ആണ്.

1658 ൽ വെറും 18 വയസ്സുണ്ടായിരുന്നപ്പോൾ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായ വ്യക്തിയാണ് ലിയോപോൾസ് ഒന്നാമൻ. സ്വിറ്റ്സർലണ്ടിന്റെ റെയർ നദീതീരത്തുള്ള സൊളാത്തൂർ പട്ടണം പിടിച്ചടക്കുക എന്നത് അദ്ദേഹത്തിന്റെ വലിയ ഒരാഗ്രഹമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ സൈന്യം റെയർ നദീതീരത്തെത്തി. വലിയ ചങ്ങാടങ്ങളുണ്ടാക്കി അവർ അക്കരയ്ക്കു കടക്കാൻ ശ്രമിക്കുകയാണ്. അപ്രതീക്ഷിതമായി നദിയിൽ വെള്ളം പൊങ്ങിയപ്പോൾ ഒഴുക്ക് വർദ്ധിച്ചു. ചങ്ങാടങ്ങൾ മറിഞ്ഞ് പട്ടാളക്കാർ വെള്ളത്തിൽ മുങ്ങിപൊങ്ങുകയാണ്. ഇത് കണ്ടു നിന്ന പട്ടണം വാസികൾ തെല്ലും മടിച്ചില്ല. തങ്ങളെ ആക്രമിക്കാൻ വന്ന പട്ടാളക്കാർക്ക് വള്ളങ്ങൾ ഇറക്കികൊടുത്ത് അവരെ രക്ഷപ്പെടുത്തി. അവർക്ക് വസ്ത്രങ്ങളും നൽകി. യുദ്ധം ചെയ്യാൻ വന്ന പട്ടാളക്കാരുടെ വാളുകൾ ഉയർന്നില്ല. തങ്ങളെ രക്ഷിച്ച ജനത്തിന് നന്ദി പറഞ്ഞ് ലിയോപോൾസും സൈന്യവും മടങ്ങി.

വചനം പറയുകയാണ് "നിന്റെ ശത്രുവിന് വിശക്കുന്നുണ്ടെങ്കിൽ ഭക്ഷിക്കാനും ദാഹിക്കുന്നുണ്ടെങ്കിൽ കുടിക്കുവാനും കൊടുക്കുക. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂട്ടും (റോമ 12:20).

ക്രിസ്തു കാണിച്ചു തന്ന പുതിയ മാർഗ്ഗവും നിയമവുമാണ് തിന്മയെ നന്മകൊണ്ട് ജയിക്കുക എന്നതും ശത്രുവിനെ സ്നേഹിക്കുക എന്നതും. എന്നാൽ നാം ജീവിക്കുന്ന സമൂഹവും നമ്മുടെ ചുറ്റുപാടുകളും ജീവിത സാഹചര്യങ്ങളും പലപ്പോഴും ക്രിസ്തുവിന്റെ നിയമത്തെ പഴയതും കാലഹരണപ്പെട്ടതുമായി തെറ്റിദ്ധരിച്ച് വിസ്മരിച്ചുപോകുന്നു. നമ്മുടെ കലയും സാഹിത്യവും മാദ്ധ്യമങ്ങളും അക്രമത്തെയും പ്രതികാരത്തെയും പകരം വീട്ടലിന്റെയും പുതിയ നിയമങ്ങളായി അവതരിപ്പിക്കുന്നു. കരുണയെയും ക്ഷമയെയും സ്നേഹത്തെയും ഒക്കെ ഉയർത്തിപ്പിടിച്ച് തങ്ങളുടെ രചനകളെ അവിസ്മരണീയമാക്കിയ ലിയോറ്റോൾസ്റ്റോയിയെയും വിക്ടർ ഹ്യൂഗോയുമൊന്നും ഇന്നത്തെ സമൂഹത്തിൽ കണ്ടെത്തുക ശ്രമകരമാണ്.

അടുത്തകാലത്ത് മലയാളത്തിലിറങ്ങിയ സിനിമകളാണ് പുതിയ നിയമം (2016), പുതിയ മുഖം (2009) രണ്ടിന്റെയും ഇതിവൃത്തം പ്രതികാരവും പകരം വീട്ടലുമാണ്. സത്യത്തിൽ ഇവയൊന്നും പേരുകൾ സൂചിപ്പിക്കുന്നതുപോലെ പുതിയത് അല്ല. കണ്ണിനുപകരം കണ്ണ് പല്ലിനുപകരം പല്ല് എന്ന് വിളിച്ചോതുന്ന ബാബിലോൺ ചക്രവർത്തി ഹമ്മൂറാബിയുടെ നിയമം എന്നറിയപ്പെടുന്ന പുരാതന നിയമ സംഹിത (BC 1792,1750) യുടെ പുതിയ രൂപങ്ങൾ മാത്രമാണ്. ഏറ്റവും പുതിയ നിയമം 2000 വർഷം പഴക്കമുള്ള ക്രിസ്തുവിന്റെ നിയമം തന്നെയാണ്. അതിലും പുതിയൊരു നിയമം നൽകാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല.

ശത്രുവിനെ സ്നേഹിക്കാൻ പറഞ്ഞ ഈശോയുടെ വചനം ഇന്ന് കേട്ട് നാം ജീവിക്കുന്ന ലോകം ഒരു ദ്രോഹവും ചെയ്യാത്തവനെ പോലും പീഡിപ്പിക്കുകയും വധിക്കുകയുമൊക്കെ ചെയ്യുന്നവരുടേത് കൂടിയാണെന്ന് നാം ഓർക്കണം. കഴിഞ്ഞ ഏപ്രിൽ അവസാനം ആദ്യകുർബാന സ്വീകരണത്തിന് ഒരുങ്ങിക്കൊണ്ടിരിക്കെ ഒരു പ്രഭാതത്തിൽ അജി ദേവസ്യ എന്ന അക്രമിയാൽ അതിദാരുണമായി കൊല്ലപ്പെട്ട റിസ്റ്റി ജോൺ എന്ന നാലാം ക്ലാസ്സുകാരനെ നാം ഓർക്കുന്നുണ്ടാവും. ശത്രുവിനുവേണ്ടി പ്രാർത്ഥിക്കുക എന്ന വചനം പറയുന്നതിൽ തിന്മയുടെ സ്വാധീനത്തിൽപ്പെട്ട ഓരോ വ്യക്തിയും ഉൾപ്പെടും. ഞെട്ടിപ്പിക്കുന്ന വാർത്തകൾ കേൾക്കുമ്പോൾ സാമൂഹ്യ വ്യവസ്ഥിതിയെ വിമർശിക്കുകയും നെടുവീർപ്പെടുക്കുകയും ചെയ്യുന്നതിൽ ക്രിസ്തു ശിഷ്യന്റെ പ്രതികരണം ഒതുങ്ങിപ്പോകരുത്. തിന്മയ്ക്ക് ഇരയാകുന്നവരെയും തിന്മയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നമ്മുടെ പ്രാർത്ഥനയിൽ ചേർക്കാം. തിന്മയെ നന്മകൊണ്ട് ജയിക്കാം. ക്രിസ്തുവിന്റെ "പുതിയ നിയമം" നമ്മുടെ ജീവിതങ്ങളെ ഭരിക്കട്ടെ.